**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 161** **26-10-2026-ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക് സർവീസ് കമ്മീഷനിലെ ചെയർമാനും അംഗങ്ങളും**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി) |

**(എ)** കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെ നിലവിൽ എത്ര അംഗങ്ങളുണ്ട്;

**മറുപടി:** കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ചെയർമാനും 15 അംഗങ്ങളുമാണ് നിലവിലുള്ളത്.

**(ബി)** നിലവിലുള്ള ആകെ അംഗസംഖ്യ കുറയ്ക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണോ;

**മറുപടി:** നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**(സി)** കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും നിലവിലെ പ്രതിമാസ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാണോ;

**മറുപടി:** കേരള പബ്ലിക് സർവീസ് കമമീഷൻ ചെയർമാന്റെയും അംഗങ്ങളുടേയും ശമ്പളം പരിഷ്കരിച്ച് സ.ഉ. (കൈ) നം.25/2025/പൊഭവ തീയതി 24.02.2025 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.

**(ഡി)** നിലവിലുള്ള പ്രതിമാസ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കുറയ്ക്കാൻ സർക്കാർ തയ്യാറാകുമോ;

**മറുപടി:** ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കുറയ്ക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(ഇ)** കേരള പബ്ലിക് സർവീസ് കമ്മീഷനിൽ അംഗമാകുന്നതിനും തുടർന്ന് ചെയർമാനാകുന്നതിനും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്;

**മറുപടി:** ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 316(1) പ്രകാരം, കമ്മീഷൻ അംഗങ്ങളിൽ പകുതി പേരെങ്കിലും (as nearly as may be one-half) കേന്ദ്ര സർക്കാരിന് കീഴിലോ ഏതെങ്കിലും സംസ്ഥാന സർക്കാരിന് കീഴിലോ കുറഞ്ഞത് പത്തു വർഷമെങ്കിലും ഔദ്യോഗിക പദവികൾ വഹിച്ച ജീവനക്കാരനായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിലുപരി പ്രത്യേക വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിച്ച വ്യവസ്ഥകൾ രൂപീകരിച്ചിട്ടില്ല.

**(എഫ്)** പൂർണ്ണസമയ കക്ഷിരാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗമാക്കുന്നത് തടയുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** നിലവിൽ നിയമ നിർമ്മാണം നടത്തേണ്ട സാഹചര്യമില്ല.

**(ജി)** പൂർണ്ണസമയ രാഷ്ട്രീയ പ്രവർത്തകൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗമാകുന്നതിന് മുമ്പ് പ്രസ്തുത രാഷ്ട്രീയ പാർട്ടിയിൽ നിന്നും രാജി വച്ചതായുള്ള സാക്ഷ്യപത്രം സമർപ്പിക്കണമെന്ന നിയമനിർമ്മാണം നടത്തുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടേയും ശമ്പളം പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(കൈ) നം.25/2025/GAD തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:- 1. സ.ഉ. (കൈ) നം. 413/2010/പൊഭവ തീയതി. 27.12.2010.

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ സമർപ്പിച്ച 18.01.2023 - ലെ CO2/8/2019-KPSC നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെ ശമ്പളം ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്ക് തുല്യമായും (Rs.76,450/-) അംഗങ്ങളുടെ ശമ്പളം ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്ക് തുല്യമായും (Rs.70,290/-), 01.01.2006 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) ജൂഡീഷ്യൽ ഓഫീസർമാരുടെ നിലവിലുള്ള ശമ്പള തുല്യത നിലനിർത്തികൊണ്ട് ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് പരാമർശം (2) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ശിപാർശ സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ ശമ്പളവും ആനുകൂല്യങ്ങളും 01.01.2025 പ്രാബല്യത്തിൽ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(a) **Fixed Pay:**

| | | |
|---|---|---|
| ചെയർമാൻ | - | Rs. 2,24,100/- (ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്ക തുല്യം) |
| അംഗങ്ങൾ | - | Rs. 2,19,090/- (ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്ക തുല്യം) |
| (b) **HRA, Conveyance Allowance** | - | നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിരക്ക് |
| (c) **ക്ഷാമബത്ത** | - | കേന്ദ്ര നിരക്കിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർമാൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
അഡീഷണൽ ചീഫ് സെക്രട്ടറി, ഗവർണ്ണറുടെ കാര്യാലയം, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2719 തീയതി; 19.02.2025)
ധനകാര്യ വകുപ്പ് (EXp. A2/64/2019-FIN തീയതി; 01.11.2024)
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ